കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ക്ലാപ്പന ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി-8/1751/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി –20/10/2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ക്ലാപ്പന ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ക്ലാപ്പന ഗ്രാമപഞ്ചായത്ത് 2016 - 2017 സാമ്പത്തികവർഷത്തെ ഓഡിറ്റ്റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾപ്രകാരം ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2016–2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്നപ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗംകൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-8/1751/2017 തീയതി: 20/10/2017

കൊല്ലം ജില്ലയിലെ ക്ലാപ്പന ഗ്രാമ പഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14.10.2016 മുതൽ 17.8.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത്സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണ ക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾമാത്രമാണ് ഓഡിറ്റ്റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനംനൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ബിനുകുമാർ.ജി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18/08/2017 മുതൽ 29/08/2017 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.നവീൻ ചന്ദ്രൻ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ.ലാലു.ആർ | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സുനിത സെബാസ്റ്റ്യൻ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എസ്സ്.എം.ഇക്ബാൽ | 1-4-2016 മുതൽ 31-3-2017 വരെ |
| സെക്രട്ടറി | ശ്രീമതി.ജെ .മേരിലത | 1-4-2016 മുതൽ 1-8-2016 വരെ |
| | ശ്രീമതി.ആദില എസ്. | 1-8-2016 മുതൽ 4-1-2017 വരെ |
| | ശ്രീ.ജി.രാധാകൃഷ്ണൻ | 4-1-2017 മുതൽ 31-3-2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.വൈ.നസീർ | 1-4-2016 മുതൽ 23 -12-2016 വരെ |

| | | |
|---|---|---|
| | ശ്രീ.സുധീർ.എ.,(എച്ച്.സി.) | 24 -12-2016 മുതൽ 31-12-2016 വരെ(ചാർജ്ജ്) |
| | ശ്രീ .രാജൻ കെ.,(അക്കൗണ്ടൻറ്) | 1-1-2017മുതൽ 6-1-2017 വരെ(ചാർജ്ജ്) |
| | ശ്രീമതി.താര ആർ | 7-1-2017 മുതൽ 31-3-2017 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | | |
| വെറ്റിനറി സർജൻ | ഡോ.ജിൻസി ജോർജ്ജ് | 01/04/2016മുതൽ 31/03/2017വരെ |
| കൃഷി ഓഫീസർ | ശ്രീ.പ്രകാശ് ക്രിസ്റ്റ്യൻ | 1-4-2016 മുതൽ 12-7-2016വരെ |
| | ശ്രീ.ബിനീഷ് വി.ആർ | 13-7-2016 മുതൽ 27-7-2016വരെ |
| | ശ്രീമതി.ആശാ ശങ്കർ | 27-7-2016മുതൽ 31-3-2017 വരെ |
| വി.ഇ.ഒ. | ശ്രീ.പ്രേംകുമാർ | 01/04/2016മുതൽ |

| | | |
|---|---|---|
| | | 31/03/2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.റീനാ തോംസൺ | 01/04/2016മുതൽ 31/03/2017വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്. സി | ഡോ.ബുഷ്റ. ടി | 01/04/2016 മുതൽ 31/03/2017 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.നാൻസി കരീം | 01/04/2016 മുതൽ 30/11/2016 വരെ |
| മെഡിക്കൽ ഓഫീസർ,ആയുർവേദം | ഡോ.ജിൻസി ജോർജ്ജ് | 01/04/2016 മുതൽ 31/03/2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.പത്മജാ ദേവി. ആർ | 01/04/2016 മുതൽ 31/03/2017 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി.മല്ലികാ ദേവി | 01/04/2016 മുതൽ 31/03/17വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ഷെരീഫ് റ്റി.എം. | 01/04/2016 മുതൽ 31/03/17വരെ |

## ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |

| | | |
|---|---|---|
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തികവിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | തനതുഫണ്ടിനായി ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ നിലനില്ക്കുന്നു | 2-1 |
| 13 | ഡി ആന്റ് ഓ ലൈസൻസ് | 2-2 |
| 14 | ഡിപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല | 2-3 |
| 15 | ഇ- ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ | 2-4 |

| | | |
|---|---|---|
| | ഫാറം വില ,വാറ്റ് തുക ,ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല | |
| | ഭാഗം 3 | |
| 16 | ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലികുന്നില്ല –M-Asset മൊബൈൽ ആപ്ലിക്കേഷനിലേയ്ക്കുള്ള ആസ്തി വിവരങ്ങൾ ശേഖരിക്കുന്നതിന് നടപടികൾ ആരംഭിച്ചില്ല | 3-1 |
| 17 | ഫണ്ടുകളുടെ വിനിയോഗത്തിൽ വീഴ്ച -1,33,50,282/- ചെലവഴിക്കപ്പെട്ടിട്ടില്ല. | 3-2 |
| 18 | മരാമത്തുപ്രവൃത്തിയിൽ അധികനിരക്ക് അനുവദിച്ചു –നഷ്ടം.5,579 /-രൂപ | 3-3 |
| 19 | പുറമ്പോക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല | 3-4 |
| 20 | വെള്ളക്കരം,തെരുവ് വിളക്കുകളുടെ പ്രതിമാസ വൈദ്യുതി ചാർജ് എന്നിവയുടെ കൃത്യത ഉറപ്പുവരുത്തുന്നില്ല | 3-5 |
| 21 | മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ | 3-6 |
| 22 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 3-7 |
| 23 | അതുല്യം പദ്ധതിരേഖകൾ ഹാജരക്കിയില്ല - ₹ 17,350 തടസ്സപ്പെടുത്തുന്നു | 3-8 |

| | | |
|---|---|---|
| 24 | അംഗൻവാടികൾക്ക് അടിസ്ഥാന സൗകര്യവികസനം തുക വിനിയോഗിക്കുന്നില്ല | 3-9 |
| 25 | തെരുവ് വിളക്ക് മെയിന്റെനൻസ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ ₹ 2,20,343/- തടസ്സപ്പെടുത്തുന്നു | 3-10 |
| 26 | തെരുവുവിളക്ക് വാങ്ങൽ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - ₹ 6,00,000/- തടസ്സപ്പെടുത്തുന്നു | 3-11 |
| 27 | മരുന്നുവാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല 4,09,591രൂപ തടസ്സപ്പെടുത്തുന്നു | 3-12 |
| 28 | വിനിയോഗരേഖകൾ ഹാജരാക്കിയില്ല ₹12,16,600/- തടസ്സപ്പെടുത്തുന്നു | 3-13 |
| 29 | സമ്പൂർണവൈദ്യുതീകരണം രേഖകൾ ഹാജരാക്കിയില്ല - ₹ 67,000/- തടസ്സപ്പെടുത്തുന്നു | 3-14 |
| | ഭാഗം-4 | |
| 30 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 31 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 33 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 39 | സാക്ഷ്യപത്രം | 4-10 |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-2017 വർഷത്തെ ബജറ്റ് 04.03.2016 തീയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2017 | 7.7.2017 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 23.08.2017 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ട അപാകതകൾ

1.കെട്ടിടനികുതി - സഞ്ചയ സോഫ്റ്റ് വെയറും വാർഷികകണക്കുകളും പൊരുത്തപ്പെടുന്നില്ല.

2.എല്ലാ ആസ്തികളുടേയും മൂല്യം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3.ബഡ്ജറ്റ് ഫംഗ്ഷൻ - ഫംഗ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.

4. വാർഷികകണക്കുകൾ പ്രകാരമുള്ള തനതുഫണ്ടിൻെറ (ക്ലാപ്പന സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് ) നീക്കിയിരിപ്പ് 1,40,74,183 പാസ്സ്ബുക്കുപ്രകാരമുള്ള നീക്കിയിരിപ്പ് 1,41,46,350.
72,167/-രൂപ വ്യത്യാസം നിലനില്ക്കുന്നു.

5.സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ടുകളിൽനിന്ന് ഈടാക്കുന്ന ടെൻഡർ ഫീസ്, വാറ്റ്, ആദായനികുതി, ക്ഷേമനിധിവിഹിതം ഇവ വാർഷികകണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 70,05,037 |
| വരവ് | 4,77,71,172 |
| ആകെ | 5,47,76,209 |
| ചെലവ് | 3,83,19,283 |
| നീക്കിയിരിപ്പ് | 1,64,56,926 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 74,72,056 | 74,72,056 | 74,72,056 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | | 18,72,600 | 18,72,600 | 18,72,600 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | | - | - | - | - | |
| സംരക്ഷണഗ്രാന്റ് റോഡ് | | 24,17,544 | 24,17,544 | 24,17,544 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 30,98,259 | 30,98,259 | 30,98,259 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 36,29,506 | 36,29,506 | 36,29,506 | 0 | 100 |
| എം.എൻ.ആർ. ഇ.ജി.എസ്. | 1527 | 7,85,636 | 7,87,163 | 7,78,589 | 8,574 | 99.10 |
| ബി ഫണ്ട് | | 68,35,240 | 68,35,240 | 68,35,240 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 136 | 5,36,31,277 | 83 | 2,37,58,240 | 41 | 12 | 61 |

## 1-7 തനതുവരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതുവരുമാനത്തിൽ താഴെപ്പറയും പ്രകാരം 116 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 41,49,748 | 1,58,66,340 | 1,17,16,592 | |
| നികുതിയേതര വരവുകൾ | 3,09,286 | 9,58,602 | 6,49,316 | |
| മറ്റുവരവുകൾ | 68,40,818 | 7559294 | 7,18,476 | |
| ആകെ | 1,12,99,852 | 2,43,84,236 | 1,30,84,384 | 116 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 3,32,640 | 227 |
| കർഷകതൊഴിലാളി പെൻഷൻ | 9,36,000 | 312 |

| | | |
|---|---|---|
| വിധവാപെൻഷൻ | 21,96,000 | 732 |
| വാർദ്ധക്യകാല പെൻഷൻ | 20,83,550 | 600 |
| വികലാംഗ പെൻഷൻ | 8,13,050 | 267 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 2,04,000 | 68 |
| വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം | 2,70,000 | 9 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)- വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-8-2017 തീയതിയിൽ ഉച്ചയ്ക്ക് 2.45ന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,799/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1.തൻവർഷത്തെ പദ്ധതി പ്രവർത്തനം തൃപ്തികരമല്ല. ഈയിനത്തിൽ 1.33കോടി രൂപ ചെലവാക്കാതെ അവശേഷിക്കുന്നു.

2.ട്രേഡേഴ്സ് ലിസ്റ്റ് കൃത്യമായി പരിപാലിക്കുന്നില്ല.

3.സ്യൂട്ട് രജിസ്റ്റർ, പുറമ്പോക്കുരജിസ്റ്റർ, ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

4.തനതുവരവ് ഇനങ്ങളുടെ പിരിവ് ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

5.ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.06.2017 | 4/2017, 5/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.02.2013 മുതൽ 15.03.2013വരെ | 2007-08 മുതൽ 2011-12വരെ | 20.04.2013 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തനതുഫണ്ടിനായി ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ നിലനിൽക്കുന്നു

ഗ്രാമപഞ്ചായത്തിൽ തനതുഫണ്ടിനായി ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ നിലനിൽക്കുന്നു. തനതുഫണ്ടിനായി ക്ലാപ്പന സർവ്വീസ് സഹകരണബാങ്കിലും (അക്കൗണ്ട് നം.7233) ഓച്ചിറയിലെ ഡിസ്ട്രിക്ക് കോപ്പറേറ്റീവ്ബാങ്കിലും

(അക്കൗണ്ട് നം.1) അക്കൗണ്ട് സൂക്ഷിക്കുന്നുണ്ട്. ഓച്ചിറയിലെ ഡിസ്ട്രിക്ക് കോപ്പറേറ്റീവ് ബാങ്കിൽ 31-4-2017-ൽ 1,35,605/-രൂപ നിലനില്ക്കുന്നു. ടി അക്കൗണ്ട് 30-4-2012ന് ശേഷം പണമിടപാടുകൾ നടക്കാതെ നിഷ്ക്രിയമാണ്. തനതുവരുമാനം സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമെ ദേശസാൽകൃതബാങ്കിലോ സഹകരണബാങ്കിലോ ഒരു ബാങ്ക് അക്കൗണ്ട് മാത്രമേ പരിപാലിക്കാൻ പാടുള്ളൂ എന്ന് തദ്ദേശസ്വയംഭരണവകുപ്പിന്റെ 26.05.2011ലെ 58725/എഫ്.എം3 /2008/ത.സ്വ.ഭ.വ നമ്പർ സർക്കുലർപ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സക്രിയമായ ഒരു അക്കൗണ്ട് ഒഴികെ മറ്റ് ബാങ്ക് അക്കൗണ്ടുകൾ ക്ലോസ്ചെയ്ത് ബാലൻസ്തുക തനതുവരുമാനം സൂക്ഷിക്കുന്നതിന് നിലനിർത്താൻ ഉദ്ദേശിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് പഞ്ചായത്ത് ഭരണസമിതി അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 ഡി ആന്റ് ഓ ലൈസൻസ്

ഗ്രാമപഞ്ചായത്തുപരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങൾക്ക് 2016-17 സാമ്പത്തികവർഷം ഡി ആന്റ് ഓ ലൈസൻസ് അനുവദിക്കുന്നതിനായി സമർപ്പിക്കപ്പെട്ട അപേക്ഷകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തികവർഷം അവസാനിക്കുന്നതിന് മുപ്പത് ദിവസം മുൻപ് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം പാലിക്കപ്പെടുന്നില്ല.

2.കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ – ചട്ടം 7 പ്രകാരം, ഒരു ദിവസത്തെ വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ പട്ടിക II-ൽ നിശ്ചയിച്ചിട്ടുള്ള നിരക്കിലാണ് സ്ഥാപനത്തിന്റെ ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ ഭൂരിപക്ഷം അപേക്ഷകളിലും ദിവസേനയുള്ള വിറ്റുവരവ് രേഖപ്പെടുത്തുന്നില്ല.

3.ഡി ആന്റ് ഒ ലൈസൻസിനുള്ള അപേക്ഷകളോടൊപ്പം പ്ലാസ്റ്റിക്ക് നിരോധനസാക്ഷ്യപത്രം (16.03.2007-ലെ GO(P)795/07/LSGD നമ്പർ സർക്കാർ ഉത്തരവ്പ്രകാരം) ഉൾക്കൊള്ളിച്ചിട്ടില്ല. ഈ വിഷയങ്ങൾ സംബന്ധിച്ച് സർക്കാരിന്റെ ആവർത്തിച്ചുള്ള നിർദ്ദേശങ്ങളുണ്ടായിട്ടും ആയത് പാലിക്കാതിരിക്കുന്നത് തെറ്റായ നടപടിയാണ്.

ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-3 <u>ഡിപ്പോസിറ്റ് തുകകൾ - പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല</u>

കേരള ഫിനാൻഷ്യൽ കോഡ് വോള്യം - 1, ആർട്ടിക്കിൾ 56ബി പ്രകാരം, മൂന്നുവർഷം കഴിഞ്ഞിട്ടുള്ള ഡിപ്പോസിറ്റുകൾ കാലഹരണപ്പെട്ടുപോകുന്നതാണ്. അതിനാൽ ഇപ്രകാരമുള്ള ഡിപ്പോസിറ്റുതുകകൾ പഞ്ചായത്തുഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. പഞ്ചായത്തിലെ ഡിപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2007-2008 വർഷം മുതൽ 2013-2014 വരെയുള്ള സെക്യൂരിറ്റി ഡിപ്പോസിറ്റ്, ഇ.എം.ഡി ഇനങ്ങളിലായി ലഭിച്ച 1,00,668/- രൂപ ഇപ്പോഴും നിലനിൽക്കുന്നതായി കണ്ടു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | തുക (രൂപ) |
|---|---|

| | |
|---|---|
| 2007-2008 | 4,200 |
| 2008-2009 | 3,600 |
| 2009-2010 | 9,000 |
| 2010-2011 | 7,500 |
| 2011-2012 | 17,200 |
| 2012-2013 | 5,368 |
| 2013-2014 | 53,800 |
| ആകെ | 1,00,668 |

കാലഹരണപ്പെട്ടുപോയ പ്രസ്തുത ഡിപ്പോസിറ്റുതുകകൾ പഞ്ചായത്തുഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 ഇ- ടെണ്ടർ മുഖേനയുള്ള മരാമത്തുപ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ,വാറ്റ് തുക ,ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല

ഇ- ടെണ്ടർ ക്ഷണിച്ച മരാമത്തുപ്രവൃത്തികളുടെ ടെണ്ടർ ഫാറം വിലയായ 97,874/-രൂപ, വാറ്റ് ഇനത്തിൽ ലഭിച്ച 5,151 /-രൂപ എന്നീ തുകകൾ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഒടുക്കിയിട്ടുള്ളത്. ടി തുക ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ലാത്തതിനാൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വാറ്റ് ഇനത്തിൽ ഈടാക്കിയിട്ടുള്ള തുക സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിക്കുന്നില്ല -M-Asset മൊബൈൽ ആപ്ലിക്കേഷനിലേയ്ക്കുള്ള ആസ്തി വിവരങ്ങൾ

ശേഖരിക്കുന്നതിന് നടപടികൾ ആരംഭിച്ചില്ല

ഗ്രാമപഞ്ചായത്തിലെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തിരജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തിരജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളുംകൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. ആസ്തിരജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻവർഷം ആസ്തി രജിസ്റ്ററിൽവന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹറിപ്പോർട്ട് ഭരണസമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ (തദ്ദേശസ്വയംഭരണ(ഡി.ബി.)വകുപ്പ്-13.01.2010ലെ58608/ഡി.ബി2 /09)നിഷ്കർഷിച്ചിട്ടു ള്ളതാണ്.ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയോ, കൃത്യമായ രേഖപ്പെടുത്തലുകളോ വരുത്തി സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല. പുറമ്പോക്കുരജിസ്റ്ററും കാലികമാക്കി പാലിക്കാത്തതിനാൽ ഗ്രാമപഞ്ചായത്ത് ഭൂമി സംബന്ധിച്ച എല്ലാ വിവരങ്ങളും നിലവിലെ ആസ്തി രജിസ്റ്ററിൽ

ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

രാജ്യത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും സ്ഥിതിചെയ്യുന്ന സ്ഥാവരആസ്തികളുടെ കണക്കെടുക്കുന്നതിനും ആയവ മൊബൈൽ ഫോൺവഴി ജി.ഐ.എസ്. മാപ്പിംഗ് നടത്തുന്നതിനും കേന്ദ്രപഞ്ചായത്തീരാജ് മന്ത്രാലയം 'M-Asset'എന്ന മൊബൈൽ ആപ്ലിക്കേഷൻ വിന്യസിക്കുകയും ആയത് ഉടൻ ആരംഭിക്കണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ, ആസ്തികളുടെ മാപ്പിംഗ് 20.04.2016 –ന് മുമ്പായി പൂർത്തിയാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ 21.03.2016 ന് ജെ1/37630/15 ഉത്തരവ് പുറപ്പെടുവിച്ചു.2016 മാർച്ച് മാസംവരെ വാങ്ങിയതോ, നിർമ്മിച്ചതോ, വിട്ടുകിട്ടിയതോ ആയ ആസ്തികളുടെ വിവരങ്ങൾ സചിത്ര സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തുകയും ടി വിവരങ്ങൾ സംസ്ഥാനതലത്തിൽ ലഭ്യമാക്കുന്നതിനും വരുംവർഷങ്ങളിൽ വെബ് ആപ്ലിക്കേഷനിൽ അപ്ഡേറ്റ് ചെയ്യുന്നതിനും ഇതിന്റെ പൂർത്തികരണത്തിന് സെക്രട്ടറി, ഐ.കെ.എം.ടെക്നിക്കൽ അസിസ്റ്റന്റ്, എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്കുള്ള ചുമതലകൾ ഐ.കെ.എം.ഡയറക്ടറുടെ 09.06.2016- ലെ 223/LOBE/IKM/2016 കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ പ്രാഥമികമായ നടപടികൾ ഒന്നും പാലിച്ചിട്ടില്ല.മൊബൈൽഫോൺ മാപ്പിംഗ് നടത്തുന്നതിന് പ്രത്യേക സ്പെസിഫിക്കേഷൻ ഉള്ള ഫോൺ വാങ്ങുന്നതിന് 10,000/-രൂപയിൽ കവിയാത്ത ചെലവനുവാദം തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പിന്റെ സ.ഉ(സാധാ)നം.2904/16/19.10.2016 നമ്പരിൽ പുറപ്പെടുവിച്ചുവെങ്കിലും നാളിതുവരെ പ്രാരംഭനടപടികൾ ആരംഭിച്ചില്ല.

ആസ്തി രജിസ്റ്റർ, സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിനും

M-Asset മൊബൈൽ ആപ്ലിക്കേഷനിലേയ്ക്ക് ശേഖരിക്കുന്ന വിവരങ്ങൾ, റവന്യൂരേഖകളുമായി പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തിമാത്രമെ 'port'ചെയ്യുന്നുവെന്നതും സ്ഥാപനമേധാവി ഉറപ്പുവരുത്തേണ്ടതാണ്. ടി വിഷയത്തിൽ അടിയന്തിരനടപടികൾ കൈക്കൊള്ളേണ്ടതും കൃത്യമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-2 ഫണ്ടുകളുടെ വിനിയോഗത്തിൽ വീഴ്ച -1,33,50,282/- ചെലവഴിക്കപ്പെട്ടിട്ടില്ല

വികസനപദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി വിവിധ ഗ്രാന്റിനങ്ങളിൽ അനുവദിച്ച് നല്കിയ തുകകൾ വിനിയോഗിക്കാതിരുന്നതുമൂലം ഗ്രാമപഞ്ചായത്തിന് തൻവർഷം 1,33,50,282/- നഷ്ടപ്പെട്ടു. സാമൂഹികനീതിയും സാമ്പത്തികവികസനവും ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്തിന് തൻവർഷം സർക്കാർ അനുവദിച്ച് നൽകിയ ഗ്രാന്റുകളുടേയും ഫണ്ടുകളുടേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫണ്ടിനം | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവഴിക്ക-പ്പെടാത്ത തിനാൽ നഷ്ടമായ തുക |
|---|---|---|---|---|
| 1 | വികസന ഫണ്ട് (പൊതു വിഭാഗം) | 1,10,73,451 | 74,72,056 | 36,01,395 |
| 2 | വികസന ഫണ്ട് (പ്രത്യേക ഘടക പദ്ധതി) | 29,74,740 | 18,72,600 | 11,02,140 |
| 3 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 62,09,469 | 36,29,506 | 25,79,963 |
| 4 | കെ.എൽ.ജി.എസ്.ഡി.പി. | 33,75,442 | - | 33,75,442 |
| 5 | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 32,72,727 | 30,98,259 | 1,74,468 |

| | | | | |
|---|---|---|---|---|
| 6 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 49,34,418 | 24,17,544 | 25,16,874 |
| ആകെ രൂപ | | | | 1,33,50,282 |

സർക്കാരിൽനിന്ന് ലഭ്യമായ ഗ്രാന്റുകൾ വിനിയോഗിക്കുവാൻ സാധ്യമാകുംവിധത്തിൽ വാർഷികപദ്ധതി തയ്യാറാക്കി ഫണ്ടുകൾ വകയിരുത്തിയെങ്കിലും പദ്ധതി നിർവ്വഹണത്തിലെ വീഴ്ചകൾമൂലമാണ് 1,33,50,282 /- രൂപ ചെലവഴിക്കാൻ കഴിയാതെവന്നത്. 1994 ലെ കേരള പഞ്ചായത്തീരാജ് നിയമങ്ങളിൽ പ്രതിപാദിക്കുംപ്രകാരം വികേന്ദ്രീകൃതാസൂത്രണത്തിന്റെ സത്തയുൾക്കൊണ്ട് വികസനപദ്ധതികൾ ആവിഷ്കരിക്കുവാനും, ബജറ്റ് തയ്യാറാക്കുവാനും ലഭ്യമായ ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിച്ച് സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കുവാനും, സർക്കാർ അനുവദിച്ചുനൽകുന്ന ഫണ്ടുകൾ ധനവിനിയോഗ മാർഗരേഖകളിലെ നിർദ്ദേശങ്ങൾപാലിച്ച് ചെലവഴിക്കുവാനും ശേഷിക്കുന്ന ഫണ്ടുകൾ വിനിയോഗിക്കുന്നതിന് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കനുസൃതമായി പദ്ധതികൾ ആവിഷ്ക്കരിക്കുവാനും ഉദ്യോഗസ്ഥരും ഭരണസമിതിയും കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതാണ്.

## 3-3 മരാമത്തുപ്രവൃത്തിയിൽ അധിക നിരക്ക് അനുവദിച്ചു -നഷ്ടം - 5,579 /-രൂപ

CPWD, Analysis of rates-2014, Volume-1 പ്രകാരം 1:2:4 റോഡ് കോൺക്രീറ്റിംഗിന് (DSR Code:4.1.3) Base rate-ന്റെ കൂടെ PWD ചീഫ് എഞ്ചിനീയറുടെ 15.12.2014 ലെ CE/Admin/PLA/1014/2005 സർക്കുലർപ്രകാരം കൊല്ലം ജില്ലയ്ക്ക് 01.01.2015 മുതൽ ബാധകമായ Cost Index ആയ 1.4190 ചേർത്ത് 1:2:4 കോൺക്രീറ്റിംഗിന് കരാറുകാരന് നൽകാവുന്ന നിരക്ക് 7,756.68/$m^3$

രൂപയാണ് . എന്നാൽ താഴെ രേഖപ്പെടുത്തിയ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ 1:2:4 റോഡ് കോൺക്രീറ്റിംഗിനു പുറമേ തറനിരപ്പാക്കി ഉറപ്പിക്കുന്നതിന് (Flooring, DSRCode:11.7) നൽകേണ്ട നിരക്കുകൂടി ചേർത്ത് എം.ക്യൂബിന് 8,006.65 രൂപനിരക്കിൽ കരാറുകാരന് ഫൈനൽ ബില്ല് തയ്യാറാക്കി തുക നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം.S119/17 –കണ്ണങ്കര സുനാമി കോളനി റോഡ് കോൺക്രീറ്റിംഗ്

അടങ്കൽ തുക- 8,76,225/- രൂപ (4,75,000/- തനത് ഫണ്ട് +4,01,225/- മെയിന്റനൻസ് ഫണ്ട്(റോഡ്)

ചെലവ് തുക : 4,22,246/-രൂപ ( തനത് ഫണ്ട്-ട്രെഷറി ചെക്ക് നം.234135/14.10.16 )

കരാറുകാരൻ - ശ്രീ.എസ്.രാജേന്ദ്രൻ തമ്പി,ആല്യംപീടിക

ടി.എസ്.നം.286/AEE/15-16 /Rev/1.6.16

എഗ്രിമെന്റ് നം.35/AE/LSGD/CLP/15-16/14.09.2015

എം.ബുക്ക് നം.116/15-16

അനുവദിച്ച തുക :

ഇനം.4) 1:2:4 –cement concrete pavement..finishing etc.complete

22.32 $m^3$ x 8006.65 രൂപ /$m^3$ നിരക്കിൽ -1,78,708/- രൂപ

അനുവദനീയമായ തുക :

22.32 $m^3$ x 7756.68 രൂപ /$m^3$ നിരക്കിൽ -1,73,129/- രൂപ

അധികം അനുവദിച്ച തുക - 5,579/-രൂപ

തെറ്റായ നിരക്ക് അനുവദിച്ചതിനാൽ നഷ്ടമായ 5,579/-രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എൻജിനീയറിൽനിന്നും ഈടാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട്

നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.15/25.08.2017) മറുപടി ലഭിച്ചിട്ടില്ല.

## 3-4 പുറമ്പോക്കുരജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ അതിർത്തികളുള്ളിൽ സ്ഥിതിചെയ്യുന്ന പുറമ്പോക്ക് വസ്തുക്കളുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന പുറമ്പോക്ക് രജിസ്റ്റർ കാലികമാക്കി ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചുവരുന്നില്ല.കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 169(5) , 218 എന്നിവപ്രകാരം ഗ്രാമപഞ്ചായത്തിന് കൈമാറുകയോ , നിഷിപ്തമാക്കുകയോ ചെയ്തിട്ടുള്ള പുറമ്പോക്കു വസ്തുക്കളുടെ അവകാശവും സംരക്ഷണവും ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. ഇവ പൊതു ജനങ്ങൾ പ്രയോജനപ്പെടുന്ന വിധത്തിൽ ഉപയോഗിക്കുന്നതിനും കൈയേറ്റക്കാരിൽനിന്നും സംരക്ഷിക്കുന്നതിനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ജനറൽ മിനിട്ട്സ് പുസ്തകം പരിശോധിച്ചതിൽ പട്ടയം അനുവദിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ നിരാക്ഷേപപത്രത്തിനായി സമർപ്പിച്ച നിരവധി അപേക്ഷകളിൻമേൽ, ഗ്രാമപഞ്ചായത്തുകമ്മിറ്റി തുടർനടപടിയ്ക്കായി തീരുമാനങ്ങൾ എടുത്തിട്ടുള്ളതായി കാണുന്നു.
(ഉദാ: 1.ശ്രീമതി.ലില്ലിക്കുട്ടി , വിനോദ് ഭവനം , നിർമ്മിതി കോളനി -43/1-2 സർവ്വെ നം. ഭൂമി പതിച്ച് നൽകുന്നതിന് 17.1.17ലെ 6-14 നം .തീരുമാനം
2.ശ്രീമതി.കിങ്ങിണി ,നിർമ്മിതി ,പ്രയാർ സൗത്ത് ,റീസർവ്വെ 43/1-26 പെട്ട 1.13 ആർ ഭൂമി പതിച്ചു നൽകുന്നത് സംബന്ധിച്ച് 20.03.17ലെ 3(2)നം.തീരുമാനം)
സ്ഥലപരിശോധനനടത്തി, റവന്യൂരേഖകളുമായി ഒത്തുനോക്കി അപേക്ഷകർക്ക് അനുകൂലമായി തീരുമാനിക്കുന്ന കേസുകളിൽ, ഭൂമി വിട്ടുകൊടുക്കുന്നതിൽ ഗ്രാമപഞ്ചായത്തിന്റെ വികസനസാധ്യതകൾ ഹനിക്കപ്പെടുന്നില്ലായെന്ന് നിലവിൽ ഉറപ്പുവരുത്തുന്നില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.
കൃത്യമായ രേഖകളുടെ അടിസ്ഥാനത്തിലല്ലാതെ ഗ്രാമപഞ്ചായത്ത് നടത്തുന്ന സ്ഥലങ്ങളുടെ കൈമാറ്റം , നിർമ്മാണപ്രവർത്തനങ്ങൾ, എന്നിവ നിയമപ്രശ്നങ്ങൾക്കും കോടതിവ്യവഹാരങ്ങൾക്കും ഇടവരുത്തുമെന്നതിനാൽ പുറമ്പോക്ക് സംബന്ധിച്ച കാലികമായ വിവരങ്ങൾ വില്ലേജ് അധികാരികളിൽനിന്നും ലഭ്യമാക്കി സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. ഇതിനുള്ള നടപടികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്.

## 3-5 വെള്ളക്കരം,തെരുവ് വിളക്കുകളുടെ പ്രതിമാസ വൈദ്യുതി ചാർജ് എന്നിവയുടെ കൃത്യത ഉറപ്പ് വരുത്തുന്നില്ല

ഗ്രാമപഞ്ചായത്തിൽ പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 1,30,375/- രൂപയാണ് വാട്ടർ അതോറിറ്റിയിൽ ഒടുക്കുന്നത്. ഒരു ടാപ്പിന് പ്രതിവർഷം 5,250/- രൂപ നിരക്കിൽ 298 ടാപ്പുകളുടെ തുകയാണിത്. പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്തുന്നതിനായി വാട്ടർ അതോറിറ്റിയുമായിചേർന്ന് സംയുക്തപരിശോധന നടത്തുന്നതിനായി നടപടിയുണ്ടായിട്ടില്ല. തനതുവരുമാനത്തിൽനിന്നും വൻതുകയാണ് വെള്ളക്കരമിനത്തിൽ പ്രതിവർഷം അടയ്ക്കേണ്ടിവരുന്നത്. രേഖകൾ പരിശോധിച്ചതിൽനിന്നും ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നം./തീയതി | നം.16040,15/3/2017 |
|---|---|
| ക്ലോസിംഗ് ബാലൻസ് | 38,53,414 |
| ഫൈൻ | 75,586 |
| ഡിമാൻറ് തുക | 1,30,375 |
| അടവാക്കേണ്ട തുക | 40,59,375 |

പ്രതിവർഷം വൻതുക അടവാക്കിയിട്ടും കുടിശ്ശിക നിലനില്ക്കുന്നതിനാൽ ഫൈൻ ഉൾപ്പെടെ അടവാക്കേണ്ട തുക വർഷംതോറും കൂടിവരുന്നതായി കാണുന്നു. കുടിശ്ശിക അടവാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.11,24-8-2017) സംയുക്തപരിശോധനയ്ക്കായി 30-9-2016-ൽ കത്ത് നല്കിയിട്ടുണ്ടെന്നും തുടർനടപടി സ്വീകരിക്കുന്നതുമാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. അടിയന്തിരമായി സംയുക്തപരിശോധനനടത്തി ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തി വെള്ളക്കരത്തിന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതും കുടിശ്ശിക ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2016-17 സാമ്പത്തികവർഷത്തിൽ തെരുവുവിളക്കുകളുടെ പ്രതിമാസ വൈദ്യുതിചാർജ് 1,03,732/--രൂപയാണ്. തെരുവ് വിളക്കിന്റെ ഇനം, എണ്ണം, അവ സ്ഥിതിചെയ്യുന്ന സ്ഥലം എന്നിവ സംബന്ധിച്ച രജിസ്റ്റർ പഞ്ചായത്തിൽ ലഭ്യമല്ല. പഞ്ചായത്ത് അധികൃതരും കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയിട്ടില്ല. വൈദ്യുതി ചാർജ് ശാസ്ത്രീയമായി പുനർനിർണ്ണയിച്ച് ഈയിനത്തിലെ ദുർവ്യയം ഒഴിവാക്കേണ്ടതാണ്.

## 3-6 മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ

പ്രോജക്ടുകളുമായി ബന്ധപ്പെട്ട ഫയലുകൾ, രേഖകൾ പരിശോധിച്ചതിൽ താഴെ രേഖപ്പെടുത്തിയ അപാകതകൾ കണ്ടു.

1.പ്രോജക്ട് നം.40/17 –പാലിയേറ്റീവ് കെയർ പ്രോജക്ട് –ആകെ ചെലവ് -6,68,025/-രൂപ

a.പാലിയേറ്റീവ് ഹോം കെയറിനായി 880/-രൂപ ദിവസ വാടകകരാറിൽ ഓടിയത് സ്വകാര്യ വാഹനമാണ്(KL-02D-6255 ). ഇതിന്റെ Trip sheet ഹാജരാക്കിയിട്ടില്ല. അതിനാൽ , ഹോം കെയർ നടന്ന ദിനങ്ങളിൽ ഓടിയ ദൂരത്തിന് രേഖയില്ല.

b.ഹോംകെയർ ടീമിന്റെ ഭക്ഷണബില്ലുകൾ ആധികാരികമല്ല-ഹൊം കെയർ ടീമിന് ഭക്ഷണം നൽകിയ കൈരളി സ്വയംസഹായസംഘത്തിന്റെ ലെറ്റർ ഹെഡിലാണ് തുക കൈപറ്റിയതിന്റെ രസീതുകൾ സൂക്ഷിച്ചിട്ടുള്ളത്. രജിസ്റ്റർചെയ്ത സംഘത്തിന്റെ ഔദ്യോഗിക ബില്ലുകൾ ഹാജരാക്കിയിട്ടില്ല.

2. പ്രോജക്ട് നം.43/17 –ആശുപത്രിയ്ക്ക് ഫർണ്ണീച്ചർ വാങ്ങൽ-ചെലവ് 75,000/-രൂപ

ഫർണ്ണീച്ചർ സപ്ലൈചെയ്ത സ്ഥാപനം ഒഴികെയുള്ളവരുടെ ക്വട്ടേഷൻ ആധികാരികമല്ല (വാറ്റ് രജിസ്ട്രേഷൻ രേഖപ്പെടുത്തിയിട്ടില്ല).

3.K.M.S.C.L-ൽ നിന്നും 3,33,358/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല- ചെലവ് തുക

തടസ്സപ്പെടുത്തുന്നു

വിവിധ പ്രോജക്ടുകൾമുഖേന മരുന്നിനായി K.M.S.C.L –യിൽ അടവാക്കിയ 6,72,460/- രൂപയിൽ 3,33,358/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. | K.M.S.C.L-ന് നൽകിയ തുക (രൂപ) | ബിൽ നം/ തീയതി | കെ.എം. സി.എൽ. പ്രൊഫോർമ നം./തീയതി | ലഭിച്ച മരുന്നു കളുടെ വില (രൂപ) | ലഭിയ്ക്കുവാൻ അവശേ ഷിക്കുന്ന മരുന്നുകളുടെ വില (രൂപ) |
|---|---|---|---|---|---|---|
| 1. | 40/17 | 4,72,460/- | 3/17 തീ. 12.1.2017, ബിൽ നം. 6/17 തീ. 17.3.2017, | 1280/ 3.1.17,2880 /26.2.17 | 2,09,119 | 2,63,341 |
| 2. | 91/17 | 2,00,000/- | ബിൽ നം. 2/17 തീ.22.12.16 | 727/ 25.11.16 | 1,29,983 | 70,017 |
| | | | | | ആകെ | 3,33,358 |

രണ്ട് പ്രൊജക്ടുകളിലായി ആകെ 3,33,358/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് കെ.എം.സി.എൽ. അധികാരികളുമായി ബന്ധപ്പെട്ട് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

4.ക്യാഷ്ബുക്ക് ടി.ആർ.7-എ ഫോറത്തിൽ എഴുതി സൂക്ഷിക്കുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ ടി.ആർ.7-എ ക്യാഷ്ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽനിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് കണക്കുകൾ

രേഖപ്പെടുത്തണമെന്നുള്ള സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല (ജി.ഒ.(പി)177/2006 /12.04.2006).

മേൽവിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള (13/25.08.17) മറുപടിയിൽ വീഴ്ചകൾ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കുന്നതാണെന്ന മറുപടി നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകി.

## 3-7 ദേശീയ തൊഴിലുറപ്പ് പദ്ധതി

2016 - 17 സാമ്പത്തികവർഷത്തിൽ 1397 കുടുംബങ്ങൾക്കായി 39,483 മനുഷ്യദിനങ്ങൾ തൊഴിൽ നൽകി. ഇതിൽ 5 കുടുംബങ്ങൾ 100 ദിനങ്ങൾ പൂർത്തിയാക്കി. ആകെ 1,20,24,997/-രൂപയുടെ ചെലവ് ഭൂവികസനം, ഐ.എ.വൈ ഭവന നിർമ്മാണം, ഗ്രാമീണറോഡുനിർമ്മാണം, എന്നീ മേഖലകളിലെ പ്രവൃത്തികൾക്കായാണ് വിനിയോഗിച്ചത്.

ഓഡിറ്റ് നിരീക്ഷണങ്ങൾ

1.ആസ്തി സൃഷ്ടിക്കുന്നതിന് സഹായകരമായ ഒരു പദ്ധതി മാത്രമാണ് നടപ്പിലാക്കിയത്.

2. സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തൽ പരിമിതമായതിനാൽ, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് പര്യാപ്തമല്ല.

3.പ്രവൃത്തിയുടെ ചിത്രങ്ങൾ പരിമിതമായതിനാൽ, പ്രൊജക്ട് യോഗങ്ങൾ നടത്തിയതിന്റെയും, പ്രവൃത്തി സൈറ്റുകളിൽ ബോർഡ് സ്ഥാപിച്ചത് ഉറപ്പാക്കുന്നതിനും, പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിനും സാധിച്ചിട്ടില്ല.

4.പരാതിരജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല.

മേൽ ന്യൂനതകൾ പരിഹരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമായി മറ്റ് മേഖലകളിലും പദ്ധതികൾ നടപ്പിലാക്കുന്നതിന് ചുമതലപ്പെട്ടവർ

ശ്രദ്ധിക്കേണ്ടതാണ്.

## 3-8 അതുല്യം പദ്ധതി രേഖകൾ ഹാജരക്കിയില്ല - ₹ 17,350 തടസ്സപ്പെടുത്തുന്നു

ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നം. 29 /17 അതുല്യം പദ്ധതി പ്രകാരം ₹ 17,350 /- തനതുഫണ്ടിൽനിന്നും (ചെക്ക് നം 0234154/21.02.17) ഡയറക്ടർ, കേരള സംസ്ഥാനസാക്ഷരതാമിഷനു നൽകിയിട്ടുണ്ട്. പത്താംതരം തുല്യതാപഠനത്തിനായി പഠിതാവ് ഒന്നിന് ₹ 1,600 ക്രമത്തിലും ഹയർ സെക്കൻഡറി തുല്യതപഠനത്തിനായി പഠിതാവ് ഒന്നിന് ₹ 2,250 ക്രമത്തിലുമാണ് പ്രസ്തുത തുക നൽകിയിരിക്കുന്നത്. എന്നാൽ വിനിയോഗസാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. മേൽവിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 02/ 18.08.17 ) മറുപടിയായി വിനിയോഗസാക്ഷ്യ പത്രത്തിനായി കത്ത് അയച്ചിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്നമുറക്ക് ഹാജരാക്കാം എന്ന മറുപടിയാണ് ലഭിച്ചത്. രേഖകളുടെ അഭാവത്തിൽ ഈയിനത്തിൽ ചെലവഴിച്ച ₹ 17,350 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. .

## 3-9 അംഗൻവാടികൾക്ക് അടിസ്ഥാന സൗകര്യവികസനം തുക വിനിയോഗിക്കുന്നില്ല

ഗ്രാമപഞ്ചായതിന്റെ അധീനതയിൽ ആകെ 24 അംഗൻവാടികൾ പ്രവർത്തിക്കുന്നതിൽ 17 എണ്ണത്തിനുമാത്രമേ സ്വന്തമായി കെട്ടിടമുള്ളൂ. അവശേഷിക്കുന്ന 7 അംഗൻവാടികളിൽ 6 എണ്ണത്തിനു സ്വന്തമായി ഭൂമിയുണ്ടെങ്കിലും കെട്ടിടനിർമ്മാണം നാളിതുവരെയായി ആരംഭിച്ചിട്ടില്ല. ആകെ

അംഗൻവാടികളിൽ 9 എണ്ണത്തിനു വൈദ്യുതികണക്ഷനും 8 എണ്ണത്തിനു ചുറ്റുമതിലും ഇല്ല. അനുപൂരകപോഷകാഹാരപരിപാടിക്കായി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ വികസനഫണ്ടിൽനിന്നും ചെലവഴിക്കുന്നതുകയുടെ 50% നിബന്ധനകൾക്കുവിധേയമായി കേന്ദ്രം നൽകുന്നു. പ്രസ്തുതതുക വികസനഫണ്ട് ചെലവഴിക്കുന്നതിനുപകരം ലഭിക്കുന്ന തുകയായതുകൊണ്ട് വികസന ആവശ്യങ്ങൾക്കു മാത്രമെ ചെലവഴിക്കാവൂ. ഈയിനത്തിൽ ഓഡിറ്റ്‌വർഷം ₹ 6,06,125 നീക്കിയിരിപ്പുണ്ടെങ്കിലും അംഗൻവാടികളുടെ അടിസ്ഥാനവികസനത്തിനായി പ്രസ്തുതതുക വിനിയോഗിക്കുന്നില്ല. ആയതിനാൽ ഈയിനത്തിൽ അവശേഷിക്കുന്ന തുക വരുംവർഷങ്ങളിൽ അംഗൻവാടികളുടെ അടിസ്ഥാനസൗകര്യവികസനത്തിനായി ഉപയോഗിക്കേണ്ടതാണ് .

## 3-10 തെരുവുവിളക്ക് മെയിന്റെനൻസ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ ₹ 2,20,343/- തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി പ്രോ.നം 86 / 17 തെരുവ് വിളക്ക് മെയിന്റെനൻസ് എന്ന പദ്ധതിപ്രകാരം ക്വോട്ടേഷൻ ക്ഷണിച്ചതിൽ 2 ക്വോട്ടേഷൻ ലഭിക്കുകയും ആയതിൽ കുറഞ്ഞ നിരക്ക് ക്വോട്ടുചെയ്ത കൊച്ചുമേലതിൽ ഏജൻസീസിൽ നിന്നും ₹2,20,343/- (ബിൽ നം 53/16 – 17/30.03.17) ചെലവിൽ തെരുവുവിളക്ക് ഉപകരണങ്ങൽ വാങ്ങുകയും ചെയ്തു . പദ്ധതി സംബന്ധമായ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) കൊച്ചുമേലതിൽ ഏജൻസീസ് ഹാജരാക്കിയ ക്വോട്ടേഷൻ പ്രകാരം ക്രോംപ്ടൺ ബ്രാൻഡ് 15 W എൽ ഇ ഡി ബൾബിന് ₹ 205 + 5% (വാറ്റ് )നിരക്കാണ് ക്വോട്ട് ചെയ്തിരുന്നത്.എന്നാൽ ക്രോംപ്ടൺ ബ്രാൻഡ് 14 W എൽ ഇ ഡി ബൾബാണ് സപ്ലൈ ചെയ്തിരിക്കുന്നത്.

2) വാങ്ങിയ ഉപകരണങ്ങൾ സ്ഥാപിച്ചത് സംബന്ധിച്ച് കെ.എസ്.ഇ.ബിയിൽ നിന്നുള്ള വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല .

മേൽവിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 08/28.08.17) 15W എൽ ഇ ഡി വിപണിയിൽ ലഭ്യമല്ലാതിരുന്നതിനാലാണ് 14W സപ്ലൈ ചെയ്തതെന്നും 14 വാട്ട്സിന്റെ വിലമാത്രമെ ബിൽപ്രകാരം നല്കിയിട്ടുള്ളുവെന്ന മറുപടിയാണ് ലഭിച്ചത്. എന്നിരുന്നാലും വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്ത സാഹചര്യത്തിൽ ഈയിനത്തിൽ ചെലവഴിച്ച ₹2,20,343/- ഓഡിറ്റിൽ തടസ്സം ചെയ്യുന്നു . വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ് .

## 3-11 <u>തെരുവുവിളക്ക് വാങ്ങൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - ₹ 6,00,000/- തടസ്സപ്പെടുത്തുന്നു</u>

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി പ്രോ. നം 30/17 തെരുവ് വിളക്ക് വാങ്ങൽ എന്ന പദ്ധതിപ്രകാരം ₹ 6,00,000/- ചെലവിൽ (ബിൽ നം 52/16 – 17/30.03.17) ടെണ്ടർ മുഖേന കേരള കൺസ്ട്രക്ഷൻസ് സ്പെഷ്യാലിറ്റീസ് എന്ന സ്ഥാപനത്തിൽനിന്നും 24Wന്റെ 530 എണ്ണം എൽഇഡി ലൈറ്റും അനുബന്ധഉപകരണങ്ങളും വാങ്ങിയിട്ടുണ്ട് . പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് ₹ 79,500/- (ബിൽ നം 51/16 -17/30.03.17) സൂപ്പർവിഷൻ ചാർജിനത്തിൽ കെ.എസ്.ഇ.ബിയിൽ ഒടുക്കുവരുത്തിയിട്ടുണ്ട്. എന്നാൽ എൽഇഡി ലൈറ്റുകൾ വിവിധ വാർഡുകളിൽ സ്ഥാപിച്ചതു സംബന്ധിച്ച് കെ.എസ്.ഇ.ബിയിൽ നിന്നുള്ള വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മേൽവിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (09/24.08.17) നൽകിയതിന് മറുപടിയായി വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്നമുറയ്ക്ക് ഹാജരാക്കാം എന്ന മറുപടിയാണ് ലഭിച്ചത് . രേഖകളുടെ അഭാവത്തിൽ രൂപ- 6,00,000/-

തടസ്സപ്പെടുത്തുന്നു.

## 3-12 മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല 4,09,591രൂപ തടസപ്പെട്ടുത്തുന്നു

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മെഡിക്കൽ ഓഫീസർമാർ നിർവഹണം നടത്തിയ വിവിധ പദ്ധതികൾപ്രകാരം 4,09,591/-രൂപയുടെ മരുന്നുകൾ ലഭിക്കുവാനുള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജെക്റ്റിന്റെ പേര് / നം | നിർവഹണ ഉദ്യോഗസ്ഥൻ | ചെലവഴിച്ച തുക | ലഭ്യമാക്കിയ മരുന്നിന്റെ വിവരം | ലഭിക്കുവാനുള്ളത് |
|---|---|---|---|---|
| വൃദ്ധജനങ്ങൾക്ക് ആരോഗ്യ പരിപാലനം 51/17 | മെഡിക്കൽ ഓഫീസർ ആയുവേദം | ₹ 8,00,000 ഡി ഡി നം 664599/20.12.16 ഔഷധി | 5,76,771 | 2,23,229 |
| ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ 51/17 | മെഡിക്കൽ ഓഫീസർ ആയുവേദം | ₹ 1,00,000 ഡി ഡി നം 664600/20.12.16 ഔഷധി | 78,913 | 21,087 |
| ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ 93/17 | മെഡിക്കൽ ഓഫീസർ ഹോമിയോ | ₹ 2,00,000 ബിൽ നം 01/16 – 17/29.11.16 | 52,625 | 1,47,375 |
| എൻ എച്ച് എം ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ 96/17 | മെഡിക്കൽ ഓഫീസർ ഹോമിയോ | ₹1,00,000 ബിൽ നം 02/16 – 17/29.11.16 | 82,100 | 17,900 |
| | | ആകെ | | 4,09,591 |

മേൽവിഷയം സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം 06/21.08.17) മരുന്നുകൾ ബന്ധപ്പെട്ട ഏജൻസികൾവഴി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന മറുപടിയാണ് ലഭിച്ചത്. മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ 4,09,591/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്നമുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 3-13 വിനിയോഗ രേഖകൾ ഹാജരാക്കിയില്ല ₹12,16,600/- തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പൈപ്പ്ലൈൻ നീട്ടൽ പദ്ധതിക്കായി ₹12,16,600/- വാട്ടർ അതോറിറ്റിയിൽ (പി.എച്ച്.ഡിവിഷൻ, കൊല്ലം) ഒടുക്കുവരുത്തിയിട്ടുണ്ട് . വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോ .നം / പേര് | ഒടുക്കിയ തുക | ബിൽ നം / തീയതി |
|---|---|---|
| 138/17<br>മാവോലി ജംഗ്ഷൻ തഴവയൽ ഭാഗം പൈപ്പ് ലൈൻ നീട്ടൽ | ₹ 1,71,000 | 46/16 – 17/ 27.03.17 |
| 139/17<br>മൃഗാശുപത്രി വാലുതറ ജംഗ്ഷൻ പൈപ്പ് ലൈൻ നീട്ടൽ | ₹ 88,900 | 33/16 – 17 / 27.03.17 |
| 142/17<br>ചല്ലൂർ മുക്ക് മടത്തിൽ ഭാഗം പൈപ്പ് ലൈൻ നീട്ടൽ | ₹ 78,000 | 36/16 – 17/ 27.03.17 |

| | | |
|---|---|---|
| 143/17<br>ഒതളത്തുംമൂട് കുന്നതറ<br>പൈപ്പ് ലൈൻ നീട്ടൽ | ₹ 87,800 | 37/16 – 17/27.03.17 |
| 145/17<br>ചക്കാലത്തറ ഭാഗം<br>പൈപ്പ് ലൈൻ നീട്ടൽ | ₹ 67,500 | 38/16 – 17/ 27.03.17 |
| 146/17<br>മഞ്ഞാണി അംഗൻവാടി ജംഗ്ഷൻ<br>ആശ്രയ കോളനി<br>പൈപ്പ് ലൈൻ നീട്ടൽ | ₹ 77,900 | 39/16 – 17/27.03.17 |
| 147/17<br>തലക്കിളിത്തറ പടിഞ്ഞാറ് പൈപ്പ് ലൈൻ നീട്ടൽ | ₹ 47,000 | 40/16-17 /27.03.17 |
| 148/17<br>കണിയാംതറ കാഞ്ഞിക്കത്തറ ഭാഗം<br>പൈപ്പ് ലൈൻ നീട്ടൽ | ₹ 66,700 | 49/16 – 17/27.03.17 |
| 149/17<br>കെ വി പ്രയാർ കൃഷ്ണഭാഗം പൈപ്പ് ലൈൻ നീട്ടൽ | ₹ 67,500 | 42/16 – 17/27.03.17 |
| 167/17<br>കുമരിച്ചിനേത്ത് ഭാഗം പൈപ്പ് ലൈൻ നീട്ടൽ | ₹ 67,800 | 43/16 – 17/27.03.17 |

| | | |
|---|---|---|
| 168/17<br>പുല്ലംപള്ളി ജംഷൻ പുതുപ്പരയ്ക്കൽ ഭാഗം പൈപ്പ് ലൈന് നീട്ടൽ | ₹ 87,800 | 44/16 – 17/27.03.17 |
| 169/17<br>കോഴിമുക്ക് ഭാഗം കൊച്ചു വീട്ടിൽ ഭാഗം പൈപ്പ് ലൈന് നീട്ടൽ | ₹ 90,400 | 45/16 – 17/27.03.17 |
| 140/17<br>കാമ്പിശ്ശേരികോളനി പൈപ്പ് ലൈൻ നീട്ടൽ | ₹ 89,000 | 34/16 - 17/27.03.17 |
| 141/17<br>പാലൂക്കാട്ടിൽ വയൽ ആശ്രയ കോളനി പൈപ്പ് ലൈൻ നീട്ടൽ | ₹ 1,29,300 | 35/16 – 17/27.03.17 |
| ആകെ | 12,16,600 | |

മേൽ വിഷയത്തിൽ ഓഡിറ്റ് എൻക്വയറി (നം 16/29.08.17) നൽകിയെങ്കിലും മറുപടി ഹാജരാക്കിയില്ല . വിനിയോഗരേഖകളുടെ അഭാവത്തിൽ ₹ 12,16,600/- തടസ്സം ചെയ്യുന്നു .

## 3-14 <u>സമ്പൂർണ വൈദ്യുതീകരണം രേഖകൾ ഹാജരാക്കിയില്ല **- ₹ 67,000/-** തടസ്സപ്പെടുത്തുന്നു</u>

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി പ്രോ.നം 153/17 പ്രകാരം നടപ്പിലാക്കിയ സമ്പൂർണവൈദ്യുതീകരണം പദ്ധതിക്കായി ₹ 67,000 /- (ബിൽ നം 50/16 – 17/ 30.03.17) കെ എസ് ഇ ബിയിൽ ഒടുക്കവരുത്തിയിട്ടുണ്ട് . ഗ്രാമപഞ്ചായത്തുപരിധിയിൽ വൈദ്യുതീകരിക്കാത്ത ഭവനങ്ങളുടെ എണ്ണം ബന്ധപ്പെട്ട കെ.എസ്.ഇ.ബി സെക്ഷനിൽ നിന്നും ശേഖരിച്ച് ആവശ്യമായ തുക വകയിരുത്തിയാണ് പദ്ധതി നടപ്പക്കേണ്ടത്. എന്നാൽ വൈദ്യുതീകരിക്കാത്ത ഭവനങ്ങളുടെ ലിസ്റ്റോ വിനിയോഗസാക്ഷ്യപത്രമോ ഓഡിറ്റിന് ഹാജരാക്കിയില്ല.

മേൽവിഷയം സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം 11/24.08.2017) ഗുണഭോക്താക്കളുടെ ലിസ്റ്റ് കെ.എസ്.ഇ.ബി നേരിട്ട് എടുത്തതാണെന്ന മറുപടിയാണ് ലഭിച്ചത്. രേഖകളുടെ അഭാവത്തിൽ ₹ 67,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 63,600 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 63,600 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 63,600 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 1,00,000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 2,00,000 | പാലിന് സബ്സിഡി | 2,00,000 | |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ്വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവ ഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കെ.ഡബ്ല്യൂ.എ | 138 പെപ്പ് ലൈൻ നീട്ടൽ | 21600853 | 17,100 | 17,100 | ഇല്ല |
| കെ.ഡബ്ല്യൂ.എ | 139 പെപ്പ് ലൈൻ നീട്ടൽ | 21600854 | 88,900 | 88,900 | ഇല്ല |
| കെ.ഡബ്ല്യൂ.എ | 140 പെപ്പ് ലൈൻ നീട്ടൽ | 21600855 | 89,000 | 89,000 | ഇല്ല |
| കെ.ഡബ്ല്യൂ.എ | 141 പെപ്പ് ലൈൻ നീട്ടൽ | 21600856 | 1,29,300 | 1,29,300 | ഇല്ല |
| കെ.ഡബ്ല്യൂ.എ | 142 പെപ്പ് ലൈൻ നീട്ടൽ | 21600857 | 78,000 | 78,000 | ഇല്ല |
| കെ.ഡബ്ല്യൂ.എ | 143 പെപ്പ് ലൈൻ നീട്ടൽ | 21600858 | 87,800 | 87,800 | ഇല്ല |
| കെ.ഡബ്ല്യൂ.എ | 145 പെപ്പ് ലൈൻ നീട്ടൽ | 21600859 | 67,500 | 67,500 | ഇല്ല |
| കെ.ഡബ്ല്യൂ.എ | പെപ്പ് ലൈൻ നീട്ടൽ | 21600860 | 77,900 | 77,900 | ഇല്ല |
| കെ.ഡബ്ല്യൂ.എ | പെപ്പ് ലൈൻ നീട്ടൽ | 21600861 | 47,000 | 47,000 | ഇല്ല |
| കെ.ഡബ്ല്യൂ.എ | പെപ്പ് ലൈൻ നീട്ടൽ | 21600862 | 66,700 | 66,700 | ഇല്ല |
| കെ.ഡബ്ല്യൂ.എ | പെപ്പ് ലൈൻ നീട്ടൽ | 21600863 | 67,500 | 67,500 | ഇല്ല |
| കെ.ഡബ്ല്യൂ.എ | വൈദ്യുതീ കരണം | 21600911 | 67,000 | 67,000 | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നമ്പർ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ഇ.എം.എസ്. ഭവനപദ്ധതി | 522/10/17/2/10 /ത.സ്വ.ഭ.വ | 91,00,000 | 22,500 | 22,500 | ----- | 0 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 16,937/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2013-14 | 3-15 | 16,937 | റ്റി.എം.ഷെരീഫ്, അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി., ക്ലാപ്പന | 11601100193/ 13.04.16 |

## 4-7 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പുപ്രകാരമുള്ള സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-1999 | 37 | 2004-05 | 3-1 | തൊഴിൽ പരിശീലന കേന്ദ്രം ലക്ഷ്യം കൈവരിച്ചില്ല. | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണ നയിൽ |
| 2007-2008 | സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട് | 2011-12 | 4-6 | ആശ്രയപദ്ധതി - ഗുണഭോക്താ ക്കളെതെരഞ്ഞെ ടുക്കുന്നതിന് മുൻപ് തുക ചെലവഴിച്ചു | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിൽ |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,77,71,172 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,83,19,283 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5,579 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 28,64,242 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | - | 5,579/- | ശ്രീ.റ്റി.എം.ഷെരീഫ്, അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 3,33,358/- | ഡോ. ടി.ബുഷ്റ,മെഡിക്കൽ ഓഫീസർ , പി.എച്ച്.സി |
| 3-8 | 17,350 | മല്ലികാദേവി, ഹെഡ്മിസ്ട്രസ്സ് |
| 3-10 | 2,20,343 | ജി.രാധാകൃഷ്ണൻ,സെക്രട്ടറി |
| 3-11 | 6,00,000/- | ജി.രാധാകൃഷ്ണൻ,സെക്രട്ടറി |
| 3-12 | 2,44,316 | ഡോ.ജിൻസി ജോർജ്ജ്, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| | 1,65,275 | ഡോ.നാൻസി കരീം, മെഡിക്കൽ ഓഫീസർ , ഹോമിയോ |
| 3-13 | 12,16,600/- | ജി.രാധാകൃഷ്ണൻ,സെക്രട്ടറി |
| 3-14 | 67,000/- | ജി.രാധാകൃഷ്ണൻ,സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തര വാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.റ്റി.എം.ഷെരീഫ്, അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി., | ഗ്രാമപഞ്ചായത്ത് ഓഫീസ് ക്ലാപ്പന | തങ്കയത്തിൽ, എസ്.വി.മാർക്കറ്റ് പി.ഒ., കരുനാഗപ്പള്ളി |
| ശ്രീമതി.താര ആർ, അസിസ്റ്റന്റ് സെക്രട്ടറി | ഗ്രാമപഞ്ചായത്ത് ഓഫീസ്, ക്ലാപ്പന | പുലിയിക്കൽ , (ആനന്ദ വിഹാർ) വലിയകുളങ്ങര, ഓച്ചിറ |
| ഡോ.നാൻസി കരീം, മെഡിക്കൽ ഓഫീസർ, ഹോമിയോ | ഗവ.ഹോമിയോ ഡിസ്പെൻസറി, ക്ലാപ്പന | മുസ്ലിയാർ മൻസിൽ മരുർ, സൗത്ത് ആലുംകടവ് |

## **4-9** <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|

| | |
|---|---|
| 1989-90<br>1990-91 | എൽ.എഫ്.ക്യു.പി2/1182(13)/14 dt.12-06-2014 |
| 1991-92 | എൽ.എഫ്.ക്യു.പി2/1182(14)/14 dt.12-06-2014 |
| 1992-93<br>1993-94 | എൽ.എഫ്.ക്യു.പി2/1182(15)/14 dt.12-06-2014 |
| 1994-95 | എൽ.എഫ്.ക്യു.പി2/1182(16)/14 dt.12-06-2014 |
| 1996-97 | എൽ.എഫ്.ക്യു.പി2/1182(17)/14 dt.12-06-2014 |
| 1997-98 | എൽ.എഫ്.ക്യു.പി2/1182(18)/14 dt.12-06-2014 |
| 1998-99 | എൽ.എഫ്.ക്യു.പി2/1182(19)/14 dt.12-06-2014 |
| 1999-00 | എൽ.എഫ്.ക്യു.പി2/1182(1)/14 dt.12-06-2014 |
| 2000-01 | എൽ.എഫ്.ക്യു.പി2/1182(2)14 dt.12-06-2014 |
| 2001-02 | എൽ.എഫ്.ക്യു.പി2/1182(3)14 dt.12-06-2014 |
| 2002-03 | എൽ.എഫ്.ക്യു.പി2/1182(4)14 dt.12-06-2014 |
| 2003-04 | എൽ.എഫ്.ക്യു.പി2/1182(5)14 dt.12-06-2014 |
| 2004-05 | എൽ.എഫ്.ക്യു.പി2/1182(6)14 dt.12-06-2014 |
| 2005-06 | എൽ.എഫ്.ക്യു.പി2/1182(7)14 dt.12-06-2014 |
| 2006-07 | എൽ.എഫ്.ക്യു.പി2/1182(8)14 dt.12-06-2014 |
| 2007-08 | എൽ.എഫ്.ക്യു.പി2/1182(9)14 dt.12-06-2014 |
| 2008-09 | എൽ.എഫ്.ക്യു.പി2/1182(10)14 dt.12-06-2014 |
| 2009-10 | എൽ.എഫ്.ക്യു.പി2/1182(11)14 dt.12-06-2014 |
| 2010-11 | എൽ.എഫ്.ക്യു.പി2/1182(12)14 dt.12-06-2014 |
| 2011-12 | എൽ.എഫ്.ക്യു.പി2/630/14 dt.27-03-2014 |
| 2012-13 | എൽ.എഫ്.ക്യു.പി2/1163/14 dt.17-11-2014 |
| 2013-14&<br>2014-15 | എൽ.എഫ്.ക്യു.പി2/231/16 dt.15-2-16 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി 2-1823/1 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## 4-10 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ. കെ.എൽ.എം.പി.8/1751/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി – 20/10/2017

## സാക്ഷ്യപത്രം 2016-17

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷികധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായരീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.